# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3927** 19-03-2018 ൽ മറുപടിക്ക്

## വൻകിട ഭൂമി കയ്യേറ്റങ്ങൾക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.കെ. രാജൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് വൻകിട കയ്യേറ്റക്കാർ ഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നതിനെതിരെ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ വൻകിട കൈയ്യേറ്റക്കാർ ഭൂമി കൈയ്യേറി കൈവശം വച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല. മറ്റ ജില്ലകളിൽ കണ്ടെത്തിയ വൻകിട കൈയ്യേറ്റ കേസുകളിൽ കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂസംരക്ഷണ ചട്ടം 1958, 2009 ലെ ഭേദഗതി നിയമം എന്നിവ പ്രകാരവും ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിൽ 1971 ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമ പ്രകാരവും വൻകിട കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് വില്ലേജ് താലൂക്ക് തലങ്ങളിൽ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും എല്ലാ താലൂക്കുകളിലും പ്രത്യേക സംഘം രൂപീകരിച്ച് പൊതു അവധി ദിവസങ്ങളിൽ കൂടിയും ഭൂസംരക്ഷണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും ഏകോപിപ്പിച്ചും വരുന്നുണ്ട്.ഓരോ താലൂക്കിന്റെ പരിധിയിലുള്ള സർക്കാർ ഭൂമി കൈയ്യേറ്റങ്ങളിൽ ഭൂസംരക്ഷണ നിയമ പ്രകാരം സ്വീകരിച്ച നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി അവലോകന യോഗവും നടത്തി വരുന്നുണ്ട്.

(ബി) കാലാവധി കഴിഞ്ഞതും പാട്ടവ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമിയിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം തിരിച്ചെടുത്ത ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ നാട്ടകം വില്ലേജിൽ ബ്ലോക്ക് നം. 19 ൽ റീസർവ്വെ 398/2 ൽപ്പെട്ട 01.12.80 ഹെക്ടർ നിലം 21.08.2017 ൽ കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായി കണ്ടെത്തി സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്.

എറണാകുളം ജില്ലയിൽ കൊച്ചി താലൂക്ക്, ഫോർട്ട് കൊച്ചി വില്ലേജ് സർവ്വെ 8 pt, 1173, 1171 എന്നിവയിൽപ്പെട്ടതും മെ. ആസ്പിൻവാൾ കമ്പനി കൈവശത്തിലിരുന്നതുമായ 1.29 ഏക്കർ പാട്ട ഭൂമി പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് തിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ കോതമംഗലം താലൂക്കിൽ പല

| | | | |
|---|---|---|---|
| | | | വ്യക്തികളിൽ നിന്നായി 6.33 ഏക്കർ പാട്ട ഭൂമി പാട്ടം ഒഴിവാക്കി സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്.<br><br>തൃശ്ശൂർ ചാലക്കുടി താലൂക്ക് മുരിങ്ങൂർ തെക്കുംമുറി വില്ലേജിലെ M/s. വൈഗ ട്രെഡ്സ്, കൊരട്ടി എന്ന സ്ഥാപനത്തിന് നൽകിയ സർവ്വെ നമ്പർ 758 ൽ 30.57 ഏക്കർ ഭൂമി പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | ആരാധനാലയങ്ങൾ, വായനശാലകൾ, ക്ലബ്ബുകൾ, ശ്മശാനങ്ങൾ തുടങ്ങിയവ കാലങ്ങളായി കൈവശം വച്ചിട്ടുള്ള ഭൂമി അതേ ആവശ്യങ്ങൾക്ക് പതിച്ച് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | തീരുമാനം എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**